## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 791 — 12.06.2013-ൽ മറുപടിയ്ക്ക്

## ഭൂജല വിഭവ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) ഭൂജല വിഭവ വകുപ്പ് വഴി കഴിഞ്ഞ 3 വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ ചെലവഴിച്ച തുകയുടെ പഞ്ചായത്ത്തല വിശദാംശം വ്യക്തമാക്കാമോ ; | എ) മലപ്പുറം ജില്ലയിലെ വിവിധ ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളിൽ ഭൂജല വകുപ്പ് ഏറ്റെടുത്തു നടത്തിയ പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2010-2011-68,92,032/- രൂപ<br>2011-2012-24,20,207/- രൂപ<br>2012-2013-72,04,447/- രൂപ |
| ബി) നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ഭൂജലവിഭവ വകുപ്പിന്റെ പഞ്ചായത്ത്തല ഭൗതിക ലക്ഷ്യം, സാമ്പത്തിക ലക്ഷ്യം എന്നിവ വെളിപ്പെടുത്തുമോ? | ബി) നടപ്പു സാമ്പത്തിക വർഷം ഭൂജല വകുപ്പ് മുഖാന്തിരം ഗ്രാമ പഞ്ചായത്തുകളിലെ വരൾച്ചയുമായി ബന്ധപ്പെട്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ചെറുകിട കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവർത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പ്രവർത്തികൾക്കായി 1,32,87,288/- (ഒരു കോടി മുപ്പത്തിരണ്ടു ലക്ഷത്തി എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) രൂപയുടെ അനുമതി മലപ്പുറം ജില്ലക്കായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ